കോ–ഓർഡിനേഷൻ കമ്മിറ്റി

# കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ & കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505

Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 28/2023

07.11.2023

## ധർണ്ണ ഗംഭീര വിജയം... പണിമുടക്കിലേക്ക്..!



കേരള ഗ്രാമീണ ബാങ്കിലെ അംഗീകൃത സംഘടനകളായ കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയന്റെയും ഓഫീസേഴ്സ് യൂണിയന്റെയും നേതൃത്വത്തിൽ മലപ്പുറം ഹെഡ് ഓഫീസിനുമുൻപിൽ സംഘടിപ്പിച്ച ധർണ്ണ പുതുചരിത്രം രചിച്ചു. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക, 29 OATD മാർക്ക് അനുകൂലമായി വന്ന ഹൈക്കോടതി വിധി എത്രയും പെട്ടെന്ന് നടപ്പിലാക്കുക, മിത്രാ കമ്മിറ്റി പ്രകാരമുള്ള വേക്കൻസികളിലേക്ക് നിയമനം നടത്തുക, സമയബന്ധിതമായി പ്രമോഷൻ നടത്തുക, BC നിയമനം പിൻവലിക്കുക, റിക്കവറി ഏജന്റുമാരെ പിൻവലിക്കുക, അശാസ്ത്രീയമായി അക്കൗണ്ടബിലിറ്റി ചുമത്തുന്ന നടപടി പിൻവലിക്കുക, പ്രഖ്യാപിച്ച മുഴുവൻ വേക്കൻസികളും നികത്താനാവശ്യമായ നടപടി സ്വീകരിക്കുക, കൃത്യമായ ഇടവേളകളിൽ ജോയിന്റ് കോൺഫറൻസ് നടത്തുക എന്നിങ്ങനെയുള്ള തികച്ചും ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചാണ് നാം പ്രക്ഷോഭത്തിലേക്ക് കടന്നത്. ഇതിൽ പ്രധാനപ്പെട്ട ചില ആവശ്യങ്ങൾ ഉന്നയിച്ച് ഒറ്റയ്ക്കും സംയുക്തമായും നാം നേരത്തെ തന്നെ പ്രക്ഷോഭം നടത്തുകയും മാനേജ്മെന്റുമായി ഒത്തുതീർപ്പുകരാർ ഒപ്പു വെക്കുകയും ചെയ്തിരുന്നുവെങ്കിലും അതെല്ലാം കാറ്റിൽപ്പറത്തി ജീവനക്കാരെ വെല്ലുവിളിക്കുന്ന മാനേജ്മെന്റ് നിലപാടിനെതിരായാണ് നാം പ്രക്ഷോഭം പുനരാരംഭിച്ചത്. തുടർ പ്രക്ഷോഭത്തിന്റെ ഒന്നാം ഘട്ടമായി നവംബർ 6 ന് ഹെഡ് ഓഫീസിനു മുന്നിൽ പ്രാതിനിധ്യ സ്വഭാവത്തിലുള്ള ധർണ്ണയാണ് നാം തീരുമാനിച്ചത്. CITU സംസ്ഥാന വൈസ് പ്രസിഡണ്ടും മുൻ മന്ത്രിയുമായ സഖാവ് ടി പി രാമകൃഷ്ണൻ MLA ധർണ്ണ ഉദ്ഘാടനം ചെയ്തു. 2018 ൽ നടന്ന അനിശ്ചിതകാല സമരത്തിലുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ പാലിച്ച് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി ബാങ്കിലെ വ്യാവസായിക അന്തരീക്ഷം നല്ല നിലയിൽ കൊണ്ട് പോകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ മാത്രമാണ് സംഘടനകൾ ഉയർത്തിയിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. ബ്രാഞ്ചുകളിൽ പ്രവർത്തിക്കാൻ ആവശ്യമായ മിനിമം ജീവനക്കാരെ മാത്രം നിർത്തിയിട്ടും നാനൂറിലധികം സഖാക്കൾ ധർണ്ണയിൽ പങ്കെടുത്തു എന്നത് പറഞ്ഞറിയിക്കാനാവാത്ത വിജയമാണ് ധർണ്ണ എന്നതിന്റെ തെളിവാണ്. വലിയ ആവേശത്തോടെയാണ് ജീവനക്കാർ ധർണ്ണയെ സമീപിച്ചത്. ഇതര സംഘടനയിൽപ്പെട്ട സജീവ പ്രവർത്തകർ ഉൾപ്പെടെ ധർണ്ണയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ജനറൽ സെക്രട്ടറിമാരോട് തങ്ങളുടെ നിലപാട് അറിയിച്ചു. വരും ദിവസങ്ങളിൽ ഇതിന്റെ പ്രതിഫലനങ്ങൾ ഉണ്ടാവും എന്നാണ് നമ്മുടെ പ്രതീക്ഷ. ഓഫീസേഴ്സ് യൂണിയൻ പ്രസിഡണ്ട് സഖാവ് ടി ജി അനൂപ് അധ്യക്ഷത വഹിച്ചു. എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി സഖാവ് ബിഗേഷ് ഉണ്ണിയൻ സമരത്തിനാധാരമായ വിഷയങ്ങൾ വിശദീകരിച്ചു. BEFI സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് എൻ സനിൽ ബാബു, ആൾ ഇന്ത്യ റീജിയണൽ റൂറൽ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ അഖിലേ

ന്ത്യാ പ്രസിഡണ്ട് സഖാവ് സി രാജീവൻ, എംപ്ലോയീസ് യൂണിയൻ പ്രസിഡണ്ട് സഖാവ് എൻ മീന, റിട്ടയറീസ് ഫോറം സംസ്ഥാന പ്രസിഡണ്ട് സഖാവ് സി ഗോവിന്ദൻ കുട്ടി, വനിതാ സബ് കമ്മിറ്റി കൺവീനർ സഖാവ് ടി സിന്ധു, അപ്രൈസേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി സഖാവ് പി.എസ്. വിശ്വൻ , ടെമ്പററി എംപ്ലോയീസ് യൂണിയൻ കൺവീനർ സഖാവ് എ എ ഷാജു എന്നിവർ സംസാരിച്ചു. അടുത്ത ഘട്ട സമര പരിപാടികളെക്കുറിച്ച് വിശദീകരിച്ചു കൊണ്ട് ഓഫീസേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി സഖാവ് പി രാജേഷ് സംസാരിച്ചു. എംപ്ലോയീസ് & ഓഫീസേഴ്സ് യൂണിയൻ കോ ഓർഡിനേഷൻ കമ്മിറ്റി കൺവീനർ സഖാവ് സി മിഥുൻ സ്വാഗതവും ഓഫീസേഴ്സ് യൂണിയൻ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി സഖാവ് പ്രശാന്ത് ജി നന്ദിയും പറഞ്ഞു.

ജീവനക്കാരുടെ നേർക്ക് യാതൊരു തത്വദീക്ഷയുമില്ലാത്ത സമീപനമാണ് മാനേജ്മെന്റ് വച്ചുപുലർത്തുന്നത്. അവിടെ താൽക്കാലിക ജീവനക്കാരെന്നോ സ്ഥിരം ജീവനക്കാരെന്നോ വ്യത്യാസമില്ല. സ്ഥിരപ്പെടുത്തൽ വിഷയത്തിൽ സംസ്ഥാന മന്ത്രിമാരുടെ സാന്നിധ്യത്തിൽ ഒപ്പുവച്ച കരാർ പാലിക്കാൻ ഇനിയും മാനേജ്മെന്റ് തയ്യാറായിട്ടില്ല. ഇരുപത്തിയഞ്ച് വർഷങ്ങളായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന നിരവധിയാളുകൾ ഇവിടെയുണ്ട്. സ്ഥിരപ്പെടുത്തൽ സംബന്ധിച്ച് സുപ്രീം കോടതിയും വിവിധ ഹൈക്കോടതികളും ഉൾപ്പെടെ ജീവനക്കാർക്ക് അനുകൂലമായ നിരവധി വിധിപ്രസ്താവങ്ങളും സമീപകാലത്ത് നടത്തിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാരോട് മാനേജ്മെന്റുകൾ കാണിക്കുന്നത് കടുത്ത അനീതിയും ചൂഷണവുമാണെന്ന് സുപ്രീം കോടതിക്ക് പോലും പറയേണ്ടി വരുന്ന സാഹചര്യത്തിൽ ഈ ദുഷിച്ച വ്യവസ്ഥിതിക്കെതിരെ ശക്തമായ പ്രക്ഷോഭം നടത്തുക എന്നത് നമ്മുടേത് പോലുള്ള സംഘടനയിൽ അർപ്പിതമായ കടമയാണ്. വിവിധ തസ്തികകളിലായി മൂവായിരത്തോളം ഒഴിവുകൾ ഉണ്ടായിട്ടും അത് മറച്ചുവച്ചുകൊണ്ട് പരിമിതമായ ഒഴിവുകളിലേക്ക് മാത്രമാണ് ബാങ്ക് റിക്രൂട്ട്മെന്റ് നടത്തുന്നത്. നിയമനത്തിൽ വരുന്ന ഈ കുറവ് ബാങ്കിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ഇടപാടുകാർക്ക് വലിയ ബുദ്ധിമുട്ടാണ് ഇത് മൂലമുണ്ടാകുന്നത്. ജീവനക്കാരുടെ ദൗർലഭ്യം മൂലം പൂർണ്ണമായ സേവനം ഇടപാടുകാർക്ക് ലഭിക്കാത്തത് ജീവനക്കാരും ഇടപാടുകാരുമായുള്ള അസ്വാരസ്യത്തിനും കാരണമാകുന്നുണ്ട്. ഈ ഒഴിവ് കരാർ ജോലിക്കാരെ വച്ച് നികത്താനാണ് മാനേജ്മെന്റ് ശ്രമിക്കുന്നത്. ഇത് യുവജനങ്ങളോടും പൊതുസമൂഹത്തോടുമുള്ള വെല്ലുവിളിയായേ കാണാനാകൂ. ജീവനക്കാരുടെ ആത്മവീര്യം തകർക്കുന്ന തരത്തിലാണ് വീണ്ടും വീണ്ടും അക്കൗണ്ടബിലിറ്റി ചുമത്തപ്പെടുന്നത്. നമ്മുടെ സംഘടനയുടെ ശക്തമായ ഇടപെടലിന്റെ ഭാഗമായാണ് പലരും അക്കൗണ്ടബിലിറ്റിയിൽ നിന്നും രക്ഷപ്പെടുന്നത്. ഇത്തരം അനീതികൾക്കെതിരെ ഒറ്റക്കെട്ടായി പ്രക്ഷോഭം നടത്താൻ മുഴുവൻ സംഘടനകളോടും നാം ആവശ്യപ്പെട്ടെങ്കിലും ഗ്യാസ് ചേംബറിലേക്ക് പോകുന്ന വണ്ടിയിൽ സൈഡ് സീറ്റിനു വേണ്ടി അടിപിടി കൂടുന്ന തരത്തിൽ സങ്കുചിത താൽപര്യം മാത്രം മുൻനിർത്തി ഇതര സംഘടനകൾ വിട്ടുനിൽക്കുന്നു. അതിൽ ആ സംഘടനയിലെ അംഗങ്ങൾ അസ്വസ്ഥരാണെന്ന യാഥാർഥ്യം മറ നീക്കി പുറത്തു വരുന്ന കാഴ്ചയാണ് നാം കാണുന്നത്. അത് ഉൾക്കൊണ്ടു കൊണ്ടെങ്കിലും സംയുക്ത പ്രക്ഷോഭത്തിന്റെ സാധ്യതയിലേക്ക് അവർ കടന്നു വരും എന്നാണ് നാം പ്രതീക്ഷിക്കുന്നത്.

ഇതിനിടയിൽ ഒരു തവണ മാനേജ്മെന്റ് അനുരഞ്ജന യോഗം വിളിച്ചു ചേർത്തെങ്കിലും ചടങ്ങിന് വന്നത് പോലെ തികച്ചും നിരുത്തരവാദപരമായാണ് അവർ പെരുമാറിയത്. നാം ഉന്നയിച്ച ആവശ്യത്തിന്മേലൊന്നിലും അനുകൂലമായി പ്രതികരിക്കാൻ അവർ തയ്യാറായില്ല. ആയതിനാൽ ശക്തമായ തുടർ പ്രക്ഷോഭമാണ് നാം തീരുമാനിക്കുന്നത്. **അതിന്റെ ഭാഗമായി ഡിസംബർ 2 ന് ഒരു ദിവസം സൂചനാ പണിമുടക്കം നടത്താൻ നാം തീരുമാനിക്കുകയും ധർണ്ണാ സമരപ്പന്തലിൽ അത് പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് നിസ്സഹകരണ സമരവും ചട്ടപ്പടി സമരവും ക്യാമ്പയിൻ ബഹിഷ്ക്കരണവും  അനിശ്ചിതകാല സമരപരിപാടികളുൾപ്പെടെ നടപ്പിലാക്കാനുള്ള ആലോചനയും നാം നടത്തി വരികയാണ്.**

സഖാക്കളെ, ഇതൊരു നിർണ്ണായക സമയമാണ്. സമരത്തിലൂടെ ജീവിച്ച് നാം ഇന്നീ കാണുന്ന ആനുകൂല്യങ്ങളെല്ലാം നമുക്ക് നേടിത്തന്ന പഴയതലമുറ പൂർണ്ണമായും നമ്മുടെ ബാങ്കിൽ നിന്നും പിരിഞ്ഞു പോകുന്ന സന്ദർഭത്തിൽ പുതിയ തലമുറയുടെ കയ്യിലാണ് ബാങ്കും സംഘടനയും നില കൊള്ളുന്നത്. ഭയപ്പെടുത്തി അവരെ കീഴ്പ്പെടുത്താനുള്ള തന്ത്രം മെനഞ്ഞു കൊണ്ടിരിക്കുന്ന മാനേജ്മെന്റും അതിനു കുട പിടിച്ചു കൊടുക്കുന്ന ചില സംഘടനകളും നമ്മുടെ നിലനിൽപ്പിനു ഭീഷണിയാണ്. എന്ത് വില കൊടുത്തും നമുക്ക് അതിജീവിച്ചേ തീരൂ. നമ്മുടെ ശോഭനമായ ഭാവിക്കായി പോരാട്ടത്തിന്റെ പുതിയ ചരിത്രം രചിക്കാൻ മുഴുവൻ സഖാക്കളും സ്വയം നേതൃത്വമായി ഉയരണം എന്നഭ്യർത്ഥിച്ചു കൊണ്ട്

**അഭിവാദനങ്ങൾ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart